"ഭരണഭാഷ – മാതൃഭാഷ"

SOCIAL JUSTICE DEPARTMENT

<u>സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

(ഹാജർ: എച്ച്.ദിനേശൻ.ഐ.എ.എസ്)

ഉത്തരവ് നം. SJD/1967/2022-E1

തിരുവനന്തപുരം,

തീയതി. 09-12-2023

---

വിഷയം: സാമൂഹ്യനീതിവകുപ്പ് - ജീവനക്കാര്യം - സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് II - തസ്തികയിൽ ജീവനക്കാർക്ക് സ്ഥാനക്കയറ്റം/സ്ഥലംമാറ്റം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

1.സ.ഉ.(കൈ) നം.6/2021/SJD തീയതി.15/02/2021

2.സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 25/11/2023ലെ SJD/3464/2023-E6 നമ്പർ നടപടിക്രമങ്ങൾ

3.സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 09/07/2021, 19/08/2022, 22/07/2023 എന്നീ തീയതികളിലെ SJD/2505/2021-E1 നമ്പർ നടപടിക്രമങ്ങൾ

4.ജീവനക്കാരിൽ നിന്നും ലഭ്യമായ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ.

സാമൂഹ്യനീതി വകുപ്പിൽ സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് II വിന്റെ 5 സ്ഥിരം തസ്തികയാണ് നിലവിലുള്ളത്. ഇതിൽ 3 ഒഴിവുകൾ നിലവിലുണ്ട്. പരാമർശം (3) പ്രകാരം സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാർക്ക് സ്ഥാനക്കയറ്റം അനുവദിച്ചതിനെ തുടർന്നാണ് ഈ ഒഴിവുകൾ നിലവിൽ വന്നിട്ടുള്ളത്. പരാമർശം (2) പ്രകാരമുള്ള സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് II വിന്റെ വിവിധ ഫീഡർ കാറ്റഗറി തസ്തികകളുടെ അന്തിമ സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ക്രമനം.2 മുതൽ 4 വരെയുള്ള ജീവനക്കാർക്ക് സ്ഥാനക്കയറ്റം അനുവദനീയമാണ്.

ഈ സാഹചര്യത്തിൽ സ്പെഷ്യൽ ടീച്ചർ, സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് III തസ്തികയിലെ യോഗ്യരായ ജീവനക്കാർക്ക് സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് II തസ്തികയിൽ കെ.എസ്&എസ്.എസ്.ആർ ചട്ടം 28 എ (1) പ്രകാരം രൂപ 41300-87000 ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി അവരവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയങ്ങളിൽ നിയമിച്ചും, ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ ജീവനക്കാരിക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>സ്ഥാനക്കയറ്റം</u>

| ക്രമ നം | ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീമതി.ഐശ്വര്യ.എം,<br>സ്പെഷ്യൽ ടീച്ചർ,<br>ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ, കോഴിക്കോട്. | സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് II<br>ആശാഭവൻ (മെൻ),<br>കോഴിക്കോട്. |

| | | |
|---|---|---|
| | | |
| 2 | ശ്രീമതി.വിജി ജോർജ്ജ്,<br>സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് III,<br>ഗവ.വയോജന പകൽ പരിപാലന കേന്ദ്രം, പൂജപ്പുര, തിരുവനന്തപുരം. | സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് II<br>ഗവ.ബാലവികലാംഗ സദനം, ആലപ്പുഴ. |
| 3 | ശ്രീമതി.ഐഷാബീവി.കെ.എം,<br>സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് III,<br>ഭിന്നശേഷി വനിത സദനം<br>പൂജപ്പുര, തിരുവനന്തപുരം. | സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് II<br>ഗവ.വൃദ്ധവികലാംഗസദനം, ആലപ്പുഴ. |

<u>സ്ഥലം മാറ്റം</u>

| ക്രമ നം | ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സ്ഥലം മാറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീമതി.സിന്ധു.എ.എസ്,<br>സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് II,<br>ബാല വികലാംഗ സദനം ആലപ്പുഴ. | സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് II,<br>ആശാഭവൻ (മെൻ),<br>തിരുവനന്തപുരം. |

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ടപ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും, പ്രവേശനകാലത്തിനും, യാത്രാബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ ഒരു വർഷത്തെ നിരീക്ഷണകാലം പൂർത്തീകരിക്കേണ്ടതാണ്. സ്ഥലം മാറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത യാത്രാബത്തയ്ക്കും, യഥാർത്ഥ യാത്രാസമയത്തിനും അർഹത ഉണ്ടായിരിക്കും.

സ്ഥാനക്കയറ്റം/സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ നിയന്ത്രണാധികാരിയായ ജില്ല സാമൂഹ്യനീതി ഓഫീസർമാരും, സ്പെഷ്യൽ ടീച്ചർ തസ്തികയിലെ ജീവനക്കാരിയെ സ്ഥാപന സൂപ്രണ്ടും വിടുതൽ ചെയ്യേണ്ടതാണ്. സ്ഥാനക്കയറ്റം/സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർ യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജീവനക്കാരുടെ വിടുതൽ/ പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ടും ആർ.ടി.സിയും കാര്യാലയ മേധാവികൾ ഈ കാര്യാലയത്തിൽ അയച്ചു തരേണ്ടതാണ്.

എച്ച്.ദിനേശൻ.ഐ.എ.എസ്
സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ് :</u>

/131136/2023

1. ബന്ധപ്പെട്ട കാര്യാലയമേധാവികൾക്ക്
2. ബന്ധപ്പെട്ട ജില്ല സാമൂഹ്യനീതി ഓഫീസർക്ക്
3. ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
4. എഫ് സെക്ഷൻ സൂപ്രണ്ട് (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
5. സ്റ്റോക്ക് ഫയൽ/സ്പെയർ

Signed by H Dineshan
Date: 09-12-2023 15:34:51